**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3575** **22.08.2017- ൽ മറുപടിയ്ക്ക്**

**സോഷ്യൽ സെക്യൂരിറ്റി മിഷൻ**

**ചോദ്യം** **മറുപടി**

**ശ്രീ.എം.രാജഗോപാലൻ**

**കെ.കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി).**

| | | | |
|---|---|---|---|
| (എ) | സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നൽകുന്ന സഹായങ്ങൾ വിതരണം ചെയ്യാൻ മാസങ്ങളായി കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സഹായങ്ങൾ വിതരണം ചെയ്യുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയും നൂതനമായ പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കിയും വരുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന പതിനെട്ടോളം പദ്ധതികളിൽ ആശ്വാസകിരണം പദ്ധതിയിൽ മാത്രം ഗുണഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചതിനാൽ ചെറിയ രീതിയിൽ കാലതാമസം നേരിട്ടിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 66447 ഗുണഭോക്താക്കൾക്ക് 4508.33 ലക്ഷം രൂപ ധനസഹായമായി വിതരണം ചെയ്തിരുന്നു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ ഗുണഭോക്താക്കളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുകയും 90,251 പേർക്ക് 8270.52 ലക്ഷം രൂപ വിതരണം ചെയ്യേണ്ട സാഹചര്യവുമുണ്ടായി. അതിനാൽ മുൻ വർഷത്തെക്കാളും 76 ശതമാനം അധികമായി തുക ആവശ്യമായി വന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 4700 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ഉണ്ടായിരുന്നത്. എന്നാൽ ബഡ്ജറ്റ് വിഹിതത്തെക്കാളും അധികമായി 3570.52 ലക്ഷം രൂപ ലഭ്യമാക്കേണ്ടി വന്ന സാഹചര്യത്തിൽ കുറച്ച് കാലതാമസം നേരിടേണ്ടി വന്നിരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇവ സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ധനസഹായം വിതരണം ചെയ്യാൻ കാലതാമസം ഉണ്ടാകുന്ന പദ്ധതികളിൽ സമയബന്ധിതമായി നൽകാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.<br>ആശ്വാസകിരണം പദ്ധതി<br>'ആശ്വാസകിരണം' പദ്ധതി പ്രകാരം യഥാസമയം ധനസഹായം ലഭിക്കുന്നില്ല എന്നുള്ള ഗുണഭോക്താക്കളുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 2011 മുതൽ 2016 ആഗസ്റ്റ് 15 വരെ കെട്ടിക്കിടന്ന അപേക്ഷകൾ പരിഗണിച്ച് 90251 പേർക്ക് 2016 മാർച്ച് മുതൽ 2017 മാർച്ച് വരെ 67,83,79,799/-രൂപ വിതരണം ചെയ്തിട്ടുണ്ട്. 2012, 2013, 2014-വർഷങ്ങളിൽ അപേക്ഷിച്ചിട്ടുള്ളതും, തുടർന്ന് ധനസഹായം നൽകാതിരുന്നതുമായ അപേക്ഷകരുടെ പരാതികൾ ലഭിച്ചു വരുന്നത് സമയബന്ധിതമായി തീർപ്പാക്കി അർഹരായവർക്ക് ധനസഹായം നൽകുന്നതിനുള്ള സത്വരനടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ